സ്കൂൾ യുവജനോത്സവങ്ങളിൽ അന്യസംസ്ഥാനത്തുള്ള പ്രഗത്ഭരെ ജഡ്ജിയാക്കുവാൻ നടപടി

39 [1440] ശ്രീ. എ. സുജനപാൽ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. എം. പി. ഗംഗാധരൻ :
,, ബി. വിജയകുമാർ :
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിൽ നടന്ന സ്കൂൾ യുവജനോത്സവത്തിൽ ഏതെങ്കിലും ഇനത്തിന്, അഭ്യസനം നൽകിയവരെ അതിന്റെ ജഡ്ജിമാരായി നിയോഗിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം ;

(ബി) ഇവർ അഭ്യസനം നൽകിയ മൽസരത്തിൽ പങ്കെടുത്തവർക്ക് ഒന്നോ രണ്ടോ മൂന്നോ സ്ഥാനമോ എ., ബി. എന്നീ ഗ്രേഡുകളോ ലഭിച്ചിട്ടുണ്ടോ;

(സി) മത്സര ഇനങ്ങളിൽ അഭ്യസനം നൽകുന്നവരെ ജഡ്ജിമാരാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുമോ;

(ഡി) സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ അന്യസംസ്ഥാനത്തു നിന്നുള്ള പ്രഗത്ഭരെ ജഡ്ജിമാരാക്കുവാൻ വ്യവസ്ഥയുണ്ടാക്കുമോ?

ഉത്തരം

(എ) സ്കൂൾ യുവജനോത്സവത്തിൽ വിധികർത്താക്കളെ നിയമിക്കുമ്പോൾ വിധികർത്താവിന്റെ കുട്ടികളോ, വിദ്യാർത്ഥികളോ, ബന്ധുക്കളോ മത്സരങ്ങളിൽ പങ്കെടുന്നില്ല എന്നുള്ള സത്യവാങ്മൂലം വാങ്ങാറുണ്ട്. ഒരിനത്തിനും അഭ്യസനം നൽകിയവരെ ജഡ്ജിയായി നിയമിക്കാറില്ല.

(ബി) ഇല്ല.

(സി) ചില ജഡ്ജിമാർ കുട്ടികളെ പഠിപ്പിക്കുന്നവരായിരിക്കാം. എന്നാൽ യുവജനോത്സവ മൽസര ഇനങ്ങളിൽ അവർ പഠിപ്പിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അത്തരം ജഡ്ജിമാരെ ഒഴിവാക്കാറുണ്ട്. വിധികർത്താക്കളിൽ നിന്നും ഇക്കാര്യത്തിൽ സത്യവാങ്മൂലം വാങ്ങാറുണ്ട്.

(ഡി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ കലാകാരൻമാരെ ഇപ്പോൾതന്നെ ജഡ്ജിമാരായി നിയമിക്കാറുണ്ട്. ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം എന്നീ നൃത്ത ഇനങ്ങളുടെ വിധികർത്താക്കളെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly